**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 251** **15-02-2024 - ൽ മറുപടിയ്ക്ക്**

**1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസിസ് ആക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസിസ് ആക്ട് പ്രകാരം സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/ കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന മാത്രമായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എല്ലാ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | എംപ്ലോയ്മെന്റ് വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും, അനധികൃത നിയമനം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ നടത്തുന്ന പരിശോധനകളിലും കരാർ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽ പെടുന്ന സാഹചര്യങ്ങളിൽ കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (സി) | പ്രസ്തുത ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ | (സി) | വ്യക്തികൾ/സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന പ്രതിമാസ സ്ഥാപന പരിശോധനകളിലും പ്രസ്തുത ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണെന്നുള്ള 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിനും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും അനുസൃതമായി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പരിശോധന ഉദ്യോഗസ്ഥർ ഉദ്യോഗദായകർക്ക് നൽകി തുടർ നടപടികൾ സ്വീകരിക്കാറുണ്ട് |

സെക്ഷൻ ഓഫീസർ